(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്എ.ഐ.ഡി.കെ.10/655/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി 02.06.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്എ.ഐ.ഡി.കെ.10/655/2017 തീയതി: 02.06.2017

# ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ

പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.12.2016 മുതൽ 21.05.2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. സിനി എം.വി. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.05.2017 മുതൽ 27.05.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ. എം.യു. സണ്ണി | അസി. ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ. ജോസഫ് ചാക്കോ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ബിന്ദു സജീവ് | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ. ഷാജു മാത്യു | 01.04.16 മുതൽ 03.08.16 വരെ |
| | ശ്രീ പി. കെ. ഓമനക്കുട്ടൻ | 04.08.16 മുതൽ 31.03.17 വരെ |

| നിർവഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ ഷാജു മാത്യു | 01.04.16 മുതൽ 31.03.17 വരെ |
| അസി. എൻജിനീയർ | ശ്രീ. കെ. വിജയൻ<br>ശ്രീ. ദിലീഷ് എൻ.ഡി.<br>ശ്രീമതി ബുഷറ കെ. | 01.04.16 മുതൽ 15.07.16 വരെ<br>16.07.16 മുതൽ 19.8.16 വരെ<br>20.8.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. മനസ്. ഡി<br>ശ്രീമതി. ജെയ്സിമോൾ കെ. ജെ. | 01.04.16 മുതൽ 10.08.16 വരെ<br>11.08.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ. ലിനിറ്റാ മാത്യു<br>ഡോ. ബിജുരാജ് പി.എം. | 01.04.16 മുതൽ 13.12.16 വരെ<br>14.12.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. | ശ്രീ. അബ്ദുൾ റസാക്ക് എം.ഇ.<br>ശ്രീ. സുധീർ യു.എ.<br>ശ്രീ. സിജി ശങ്കർ<br>ശ്രീ. രതീഷ്<br>ശ്രീ. ലെനിൻ പീറ്റർ | 01.04.16 മുതൽ 31.10.16 വരെ<br>01.11.16 മുതൽ 12.01.17 വരെ<br>13.01.17 മുതൽ 31.03.17 വരെ<br>01.04.16 മുതൽ 11.01.17 വരെ<br>12.01.17 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ആശാമോൾ കെ.എൻ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. | ഡോ. മഹേഷ് നാരായണൻ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സിസ് ലറ്റ് | 01.04.16 മുതൽ 30.9.16 വരെ |
| | ഡോ. വിനീത്. ആർ | 01.10.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അലീന ജോർജ് | 01.04.16 മുതൽ 19.08.16 വരെ |

| | | |
|---|---|---|
| | ശ്രീമതി. തങ്കമണി പി.എം. | 20.08.16 മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജാസ്മിൻ സി. എ. | 01.04.16 മുതൽ 31.03.17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് | 2-1 |
| | ഭാഗം – 3 | |
| 13 | കിടാരി വിതരണം- ഗുണ. വി. ഈടാക്കിയില്ല | 3-1 |
| 14 | തെരുവ് വിളക്കുകൾക്ക് അറ്റകുറ്റപ്പണി നടത്തിയത് | 3-2 |
| 15 | തെരുവ് നായ്ക്കളുടെ നിയന്ത്രണം | 3-3 |
| 16 | രേഖകൾ ഹാജരാക്കിയില്ല- 38000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 |

| | | |
|---|---|---|
| 17 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകതകൾ -280000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 |
| 18 | എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -ഗുണഭോക്താക്കൾ കൈപ്പറ്റിയില്ല | 3-6 |
| 19 | ബാലസഭ അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല.നിരാകരണം -40000/- | 3-7 |
| 20 | ആശ്രയ പദ്ധതിയിൽ തുക ചെലവഴിക്കുന്നില്ല | 3-8 |
| 21 | എസ്.സി/എസ്.റ്റി പഠനോപകരണം ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടില്ല | 3-9 |
| | ഭാഗം – 4 | |
| 22 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22.03.2016 ലെ തീരുമാന (1) പ്രകാരം മുൻവർഷത്തെ ബജറ്റ് തുടരുകയും 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 08.09.2016 തീയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മുൻബജറ്റ് പ്രകാരം

₹110347929/- വരവും ₹105016541/- ചെലവും ശേഷിച്ചിരുന്നു. പുതുക്കിയ ബജറ്റ് പ്രകാരം ₹77166243/- വരവും ₹76557386/- ചെലവും പ്രതീക്ഷിക്കുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 16.05.2017 | - | - |

## 1-3 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14526012 |
| വരവ് | 60394628 |
| ആകെ | 74920640 |
| ചെലവ് | 56555486 |
| നീക്കിയിരിപ്പ് | 18365154 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ രജിസ്റ്റർ പ്രകാരമുള്ളത്)

| ഫണ്ടിനം | | തൻവർഷ വരവ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 12512778 | 11344385 | 90.66 |
| | എസ്.സി.പി. | 1933134 | 971344 | 50.25 |
| | ടി.എസ്.പി. | 6289713 | 3007251 | 47.81 |
| സംരക്ഷണഗ്രാന്റ് | റോഡ് | 12121866 | 7762505 | 64.04 |
| | നോൺറോഡ് | 3331089 | 2530717 | 75.97 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 7016564 | 2806104 | 39.99 |
| പെർഫോമൻസ് ഗ്രാന്റ് | | 3766839 | 1291893 | 34.3 |
| എം.എൻ.ആർ.ഇ.ജി.എസ്. മുന്നിരിപ്പ് 225448 | | 4418637 | 4625376 | 99.59 |
| ബി ഫണ്ട് (തൊഴിൽ രഹിത വേതനം) | | 32349340 | 32349340 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 128 | 47711983 | 87 | 29714199 | 1 (പ്രോജക്ട്നം.54/17, പട്ടികജാതി വിഭാഗത്തിൽപെടുന്നവർക്ക് വീട് വൈദ്യുതീകരണം, അടങ്കൽ- 2,00,000/-, ചെലവ്- 4,000/-) | 40 | 67.96% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 51.06 ശതമാനം കൂടുതൽ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2788527 | 4269680 | (+)1481153 | (+)53.11 |
| നികുതിയേതര വരവുകൾ | 475321 | 504334 | (+)29013 | (+)6.10 |
| മറ്റുവരവുകൾ | 8437 | 169051 | (+)160614 | (+)1964 |
| ആകെ | 3272285 | 4943065 | 1670780 | (+) 51.06 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 122280 | 80 |
| കർഷകതൊഴിലാളി പെൻഷൻ | 2575810 | 298 |
| വിധവാപെൻഷൻ | 6066510 | 606 |
| വാർദ്ധക്യകാലപെൻഷൻ | 20490610 | 1881 |
| വികലാംഗപെൻഷൻ | 2753600 | 263 |
| 50 വയസു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 340530 | 40 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.05.2017ന് സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4158/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വർഷാവസാനം സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തിയിട്ടില്ല. വസ്തുനികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുവാൻ ഗണ്യമായ തുക അവശേഷിക്കുന്നു. എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ എന്ന പദ്ധതിയുടെ നിർവഹണത്തിൽ ഉത്തരവ് പ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾ പഠന സാമഗ്രികൾ കൈപ്പറ്റിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.01.2017 | 12/2016 | 25.2.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.5.2010 | 2005-06മുതൽ 2009-10 വരെ | 24.06.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ വസ്തുനികുതിയിനത്തിൽ ₹12,59,740/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുടിശിക തുകകൾ കാലഹരണപ്പെട്ട് പോകാതെ പിരിച്ചെടുക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കിടാരി വിതരണം-ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്ററിനറി സർജൻ |
| പദ്ധതി നം. | : 46/17 |
| അടങ്കൽ തുക | : ₹495000/-(വി.ഫ)<br>: ₹495000/-(ഗു.വി) |
| പദ്ധതി ചെലവ് | : ₹412500/-(ബിൽനം7/30.3.17) |

ദരിദ്രരായ 66 എസ്.ടി കുടുംബങ്ങൾക്ക് 18 മാസം പ്രായമുള്ള പശു കിടാരികളെ വാങ്ങി നല്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്.₹7500/-സബ്സിഡിയും ₹7500/-ഗുണഭോക്തൃവിഹിതവുമുൾപ്പടെ ₹15000/-ആയിരുന്നു യൂണിറ്റ് കോസ്റ്റ്. പദ്ധതി നിർവ്വഹണത്തിൽ 11.01.16ലെ ജി.ഒ.(എം.എസ്) 4/16 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖകളിലെ നിബന്ധനകളുടെ ലംഘനമുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നേരിട്ട് അടയ്ക്കേണ്ട ഗുണഭോക്തൃവിഹിതം തുക ₹7500/- 19 ഗുണഭോക്താക്കൾ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതം അടയ്ക്കാത്ത 36 ഗുണഭോക്താക്കൾക്ക് കൂടി ₹7500/-നിരക്കിൽ ₹270000/-പദ്ധതി ധനസഹായമായി നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധി, നിർവ്വഹണ ഉദ്യോഗസ്ഥൻ, ഗുണഭോക്താക്കൾ എന്നിവരുൾപ്പെടുന്ന 7 അംഗ പർച്ചേസിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വേണം കിടാരികളെ വാങ്ങണമെന്നുള്ള നിർദ്ദേശവും ലംഘിച്ച് ഗുണഭോക്താക്കൾ നേരിട്ടാണ് പർച്ചേസിംഗ് നടത്തിയിട്ടുള്ളത്. പശു കിടാരികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികളും നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖകൾ ലംഘിച്ച് പദ്ധതി ധനസഹായമായി നല്കിയ ₹270000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 തെരുവ് വിളക്കുകൾക്ക് അറ്റപണികൾ നടത്തിയത് --അപാകതകൾ

| | |
|---|---|
| ബിൽ നമ്പർ തീയതി | 30/16 -17/30.03.2017 |
| തുക | 149000 |
| പ്രോജക്ട് നമ്പർ | 27/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 150000 |
| ഫണ്ടിനം | വികസനഫണ്ട് |

തെരുവ് വിളക്കുകൾക്ക് അറ്റകുറ്റപണികൾ നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ബിനോയി തോമസ് പ്ലാപ്പള്ളിൽ എന്നയാളുടെ ടെണ്ടർ അംഗീകരിച്ചു. 19.02.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 493/2015 ത.സ്വ.ഭ.വ പ്രകാരം എൽ.ഇ.ഡി ഒഴികെയുള്ള തെരുവ് വിളക്ക് ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ & മെയിന്റനൻസ്,ഗ്യാരണ്ടി നൽകൽ എന്നീ ചുമതലകൾ കൊല്ലത്തുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുള്ളതാണ് എങ്കിലും ടെണ്ടർ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്.

അറ്റകുറ്റപണികൾ നടത്തുന്നതിനായി കെ.എസ്.ഇ.ബി യുമായി പഞ്ചായത്ത് എഗ്രിമെന്റ് ചമച്ചിട്ടില്ല. 17.08.2015 ലെ ജി2-44274/2015 ഉത്തരവിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവ് വിളക്കുകൾ റിസർവ്വായി കരുതാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള stock in register ഉം stock out registerഉം റീക്കൺസൈൽ ചെയ്യുന്നുവെന്നും തെരുവ് വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച് സ.ഉ (സാധാ) നം.2134/2015 ത.സ്വ.ഭ.വ തിയതി.15.07.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

അറ്റകുറ്റപണികൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി സംബന്ധിക്കുന്ന രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. അറ്റകുറ്റ പണികൾക്കായി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കേടായ തെരുവ് വിളക്കുകളുടെ വിശദാംശവും ഉൾപ്പെടുത്തിയിട്ടില്ല. ലൈറ്റുകളുടെ ഗ്യാരണ്ടി പീരിയഡ്, വാർഷിക അറ്റകുറ്റപണി എന്നിവ സംബന്ധിച്ച് കരാർ വെച്ചിട്ടില്ല. മേൽ അപാകതകളാൽ ₹149000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 തെരുവു നായ്ക്കളുടെ നിയന്ത്രണം-ജില്ലാ പഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

പദ്ധതി നം. : 67/17
നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ
ബിൽ നം./തീയതി : 1/28.02.17
പിൻവലിച്ച തുക : ₹1,00,000

ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ, ലഘുലേഖ വിതരണം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച തെരുവു നായ്ക്കളുടെ നിയന്ത്രണം എന്ന പദ്ധതിയുടെ ചെലവിലേയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ യൂണിയൻ ബാങ്കിലുള്ള 346702010025411 നമ്പർ അക്കൗണ്ടിലേയ്ക്ക് 28.02.2017ൽ ₹100000/-ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച രേഖകൾ ലഭ്യമല്ലാത്തതിനാൽ ₹100000/-യും ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 രേഖകൾ ഹാജരാക്കിയില്ല

| വൗച്ചർ നമ്പർ തിയതി | തുക |
|---|---|
| 2160055/26.4.16 | 19000 |
| 2160055/26.4.16 | 19000 |
| ആകെ | 38000 |

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സ്റ്റേഷനുകളിൽ റാമ്പ് നിർമ്മിക്കുന്നതിനായി ശ്രീ.വി.എസ് സുനിർകുമാറിന് സൂചിത വൗച്ചർ പ്രകാരം ₹38000/- നൽകിയിട്ടുണ്ട്. പ്രസ്തുത തുക ചെലവ് ചെയ്തതിന്റെ

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ₹38000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകതകൾ

| ബിൽ നമ്പർ/ തിയതി | തുക |
|---|---|
| 5/16-17/23.3.17 | 120000 |
| 9/16-17/26.3.17 | 80000 |
| 14/16-17/30.3.17 | 40000 |
| 17/16-17/30.3.17 | 40000 |
| പ്രോജക്ട് നമ്പർ | 107/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ എന്ന പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 20.12.2016 1(2) തീരുമാന പ്രകാരം 16 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളതിൽ 7 ഗുണഭോക്തക്കൾക്ക് ധനസഹായം നൽകുന്നതിനായി ₹280000/-പിൻവലിച്ചിട്ടുണ്ട്. ടി തുകകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

2. ഗുണഭോക്താക്കളായ അനുപ്രിയ, അമലു ഷാജി എന്നിവരുടെ രേഖകളിൽ എ.പി.എൽ എന്ന് കാണുന്നു. ബി.പി.എൽ ആണെന്ന് തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3. 15.02.2016 ലെ സ.ഉ (സാധാ)626/2016/തസ്വഭവ പ്രകാരം വിദ്യാർത്ഥികളുടെ രക്ഷിതാ വായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. എന്നാൽ വിദ്യാർത്ഥികളാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

4.ബി.പി.ൽ കുടുംബമായിരിക്കണം,നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം, നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ളതായിരിക്കണം, എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുക്കണം എന്നീ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹280000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -ഗുണഭോക്താക്കൾ കൈപ്പറ്റിയില്ല

| | |
|---|---|
| ബിൽ നമ്പർ തീയതി | 4/16-17/20.3.17 |
| തുക | 125000 |
| പ്രോജക്ട് നമ്പർ | 61/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

എസ്.റ്റി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം എന്ന പദ്ധതിയിൽ 5 ഗുണഭോക്താക്കളെ

തിരഞ്ഞെടുത്തിട്ടുണ്ട്. അതിൽ 2 ഗുണഭോക്താക്കളായ അക്ഷയ് സി. വളയാറ്റിൽ, മഞ്ചിക്കല്ല്ല്, നമത.ആർ ഇലവുംതടത്തിൽ, കുരുതിക്കുളം എന്നിവർ നാളിതുവരെയായും ലാപ് ടോപ്പ് കൈപ്പറ്റിയിട്ടില്ല. 3 ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. രണ്ട് ലാപ് ടോപ്പുകൾ വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽപ്പെട്ട അക്ഷയ് സി.വളയാറ്റിൽ, മഞ്ചിക്കല്ല്, നമത ആർ. ഇലവുംതടത്തിൽ, കുരുതിക്കളം എന്നിവരുടെ അപേക്ഷ, അർഹത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അർഹതാ സർട്ടിഫിക്കറ്റ്, ലാപ് ടോപ്പ് വിതരണം നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അർഹത ബോധ്യപ്പെട്ട് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതുവരെയും ലാപ് ടോപ്പിന്റെ വിലയായ ₹50000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ബാലസഭ അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല.നിരാകരണം -40000/-

| | |
|---|---|
| ബിൽ നമ്പർ/തീയതി | 2/16-17/18.2.17 |
| തുക | 75000 |
| നിർവ്വഹണം | അസി.സെക്രട്ടറി |

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ₹35000/-വരെ അനുവദിക്കാൻ 06.05.2015 ലെ ജി.ഒ ആർ.ടി.1363/2015 തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ബാലസഭയ്ക്ക് പ്രവർത്തനങ്ങൾക്കായി ₹75000/-ചെലവഴിച്ചിട്ടുണ്ട്. അധികമായി ചെലവഴിച്ച തുക ₹40000/- ഉത്തരവാദിയായ അസി.സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-8 ആശ്രയ പദ്ധതിയിൽ തുക ചെലവഴിക്കുന്നില്ല

ആശ്രയ പദ്ധതിക്കായി നൽകുന്ന വികസന ഫണ്ട് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ യാതൊരു ചെലവും നടത്താതെ സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. തുകയുടെ വിശദാംശം താഴെ നൽകുന്നു.

സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ (ഉടുമ്പന്നൂർ എസ്.സി.ബി. അക്കൗണ്ട് നം. 6772) 08-12-2016 തീയതിയിൽ ചലഞ്ച് ഫണ്ട് ഉൾപ്പെടെ ₹3858580/- അവശേഷിക്കുന്നു. ആശ്രയ പോലുള്ള മേഖലകളിൽ പദ്ധതി പണം വിനിയോഗിക്കാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത് തെറ്റായ നടപടിയാണ്. പദ്ധതി പണം വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 എസ്.സി , എസ്.റ്റി. പഠനോപകരണം- ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടില്ല

| ബിൽ നമ്പർ/തീയതി | തുക | പ്രോജക്ട് നമ്പർ |
|---|---|---|
| 15/16-17/30.03.17 | 333501 (എസ്.റ്റി) | 60/17 |

| | | |
|---|---|---|
| 16/16-17/30.03.17 | 290144 (എസ്.സി.) | 56/17 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി | |

നിർവഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ എസ്.സി., എസ്.റ്റി. പഠനോപകരണം എന്ന പദ്ധതിയിൽ (മേശ, കസേര) 187 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ളതാണ്. അതിൽ 10 ഗുണഭോക്താക്കൾ നാളിതുവരെയായും പഠനോപകരണങ്ങൾ കൈപ്പറ്റിയിട്ടില്ല. ഗുണഭോക്താക്കൾ പഠനോപകരണങ്ങൾ കൈപ്പറ്റിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ
ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽരകിയത്
ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്
ഇല്ല

### 4-5 സ്ഥിര നിക്ഷേപങ്ങൾ
ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി
ഈയിനത്തിൽ തൻവർഷം ലഭിച്ച ₹5265/- യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-02 | 2-7 | 5265 | വി.എസ്.നന്ദകുമാർ കോൺട്രാക്ടർ | 11604100175/13.04.2016 |

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം
പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-3 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | തടസ്സം നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60394628 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56555486 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 887000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | ഇല്ല | 40000 | ഷാജു മാത്യു, അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 270000 | ഡോ. ബിജുരാജ് പി.എം., വെറ്ററിനറി സർജൻ |
| 3-2 | 149000 | ശ്രീ. പി.കെ. ഓമനക്കുട്ടൻ, സെക്രട്ടറി |
| 3-3 | 100000 | ഡോ. ബിജുരാജ് പി.എം., വെറ്ററിനറി സർജൻ |
| 3-4 | 38000 | പി.കെ. ഓമനക്കുട്ടൻ, സെക്രട്ടറി |
| 3-5 | 280000 | ഷാജു മാത്യു, അസി. സെക്രട്ടറി |
| 3-6 | 50000 | ഷാജു മാത്യു, അസി. സെക്രട്ടറി |
| ആകെ | 887000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാജു മാത്യു, അസി. സെക്രട്ടറി | അസി. സെക്രട്ടറി, | മഞ്ഞപ്പിള്ളിൽ വീട്, |

| | | |
|---|---|---|
| | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | പെരുമ്പള്ളിച്ചിറ പി.ഒ.<br>തൊടുപുഴ, ഇടുക്കി ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | എൽ.എഫ്.ഐ.-7/578/03/28.2.2004 |
| 2002-03 | എൽ.എഫ്.ഐ.-7/382/04/29.1.2005 |
| 2003-04 | എൽ.എഫ്.ഐ.-8/605/04/18.9.2006 |
| 2004-05 | എൽ.എഫ്.ഐ.-8/633/07/29.11.2007 |
| 2005-06 | എൽ.എഫ്.ഐ.-8/542/08/4.3.2009 |
| 2006-07 | എൽ.എഫ്.ഐ.-8/1166/9.5.2010 |
| 2007-08 | എൽ.എഫ്.ഐ.-8/481/10/11.7.2011 |
| 2008-09 | എൽ.എഫ്.ഐ.-10/716/11/5.20124. |
| 2009-10 | എൽ.എഫ്.ഐ.-10/717/11/4.5.2012 |
| 2010-11 | എൽ.എഫ്.ഐ.-10/1075/12/8.7.2013 |
| 2011-12 | എൽ.എഫ്.ഐ.-10/1075/12/8.7.2013 |
| 2012-13 | എൽ.എഫ്.ഐ.-10/511/14/19.8.2014 |
| 2013-14 | എൽ.എഫ്.ഐ.-10/173/15/19.2.2015 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ 10/823/2016/22.6.2016 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ 10/1684/2016/26.12.16 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ 10/655/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ

തീയതി : 02.06.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

KSAIDK/10/655/2017

Kerala State Audit Department
District Audit Office
Idukki, Thodupuzha

Dated: 02.06.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Udumbannoor Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Sn4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of Udumbannoor Grama Panchayat for the year 2016-17 expect observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR